നജീബ് മൗലവി



## വഹ്ഹാബിസം 9

# വ്യാജദൈവങ്ങൾ വ്യാജനാമത്തിൽ നിർമ്മിക്കപ്പെട്ടത്

നൂഹ്നബി(അ)യുടെ ജനതയിലെ വിഗ്രഹദൈവങ്ങൾക്കു പുറമെ പല ദൈവങ്ങളും ഖുറൈശികളിലും അറബു സമൂഹത്തിലും പിറവികൊണ്ടുവെന്നു പറഞ്ഞുവല്ലോ. യാതൊരു യുക്തിചിന്തയും തത്വദീക്ഷയുമില്ലാതെയായിരുന്നു അവർ ദൈവങ്ങളെ പ്രതിഷ്ഠിച്ചതും പൂജിച്ചിരുന്നതും. നോക്കുക: ഇസാഫ്, നാഇലത്ത് എന്നിവ അവരുടെ രണ്ടു ദൈവങ്ങളായിരുന്നു. ഇവയുടെ പ്രത്യേകത ആഇശ(റ) വിവരിക്കുന്നു: "ജുർഹും ഗോത്രത്തിലെ ഒരു സ്ത്രീയും പുരുഷനുമായിരുന്നു ഇസാഫും നാഇലത്തും. ഇവർ രണ്ടു പേരും പരിശുദ്ധ കഅ്ബയിൽ മലവിസർജ്ജനം നടത്തിയപ്പോൾ അല്ലാഹു അവരെ രണ്ടു കല്ലുകളായി കോലംമറിക്കുകയായിരുന്നു. ഇതു ഞങ്ങൾ പണ്ടേ കേട്ടുവരുന്നതാണ്." കഅ്ബക്കകത്തു വ്യഭിചരിക്കാൻ മുതിർന്നപ്പോളാണ് കോലംമറിക്കപ്പെട്ടതെന്നും അഭിപ്രായമുണ്ട്. മനുഷ്യാകൃതിയിലുള്ള ഈ രണ്ടുകല്ലുകളെ- പൂർവ്വമനുഷ്യരെ സമൂഹത്തിനു താക്കീതായി അന്നത്തെ ജനത സ്വഫായുടെയും മർവയുടെയും മുകളിൽ പ്രതിഷ്ഠിച്ചിരിക്കയായിരുന്നു. പിന്നീട് അറബികളിലെ വിഗ്രഹസ്ഥാപകൻ മുൻപറഞ്ഞ അംറുബ്നു ലുഹയ്യ് അവ രണ്ടിനെയും തൽസ്ഥാനത്തു നിന്നു നീക്കി സംസം കിണറിനരികിൽ വച്ചു. അനന്തരം പിൽക്കാല സമൂഹം ഇവ രണ്ടിനെയും ദൈവങ്ങളായി പൂജിക്കുകയായിരുന്നു. കഅ്ബയെ ത്വവാഫു ചെയ്യുംപോലെ ഇവ രണ്ടിനു ചുറ്റും അവർ പ്രദക്ഷിണം ചെയ്യുമായിരുന്നു.(അൽബിദായത്തു വന്നിഹായ: 1-84,85).

ചരിത്രപരമായി ലഭിച്ച ഇത്തരം ബിംബങ്ങൾക്കു പുറമെ അവരിലോരോ കുടുംബവും കുലദൈവങ്ങളെ ചമച്ചുണ്ടാക്കുകയും ചെയ്തിരുന്നു. പ്രസിദ്ധ ചരിത്രകാരനും താബിഈ പണ്ഡിതനുമായ ഇബ്നുഇസ്ഹാഖ്(റ) കുറിക്കുന്നു: ഓരോ വീട്ടുകാരും അവരുടെ വീട്ടിൽ സ്വന്തം പൂജക്കായി വിഗ്രങ്ങളെ ഉണ്ടാക്കിയിരുന്നു. യാത്ര ഉദ്ദേശിക്കുന്ന വേളയിൽ ആ ബിംബത്തെ തൊട്ടു തടകി പൊരുത്തം മേടിച്ചാണ് അവർ പുറപ്പെടുക. അവസാനകർമ്മം ഇതായിരിക്കും. യാത്ര കഴിഞ്ഞുവന്നാൽ വീട്ടുകാരുടെ അടുത്ത് പ്രവേശിക്കുംമുമ്പ് ഈ ബിംബങ്ങളെ തടവുന്നതു തന്നെയാണു പ്രധാന പൂജ.(താരീഖുബ്നികസീർ).

ഈ ബിംബങ്ങൾക്കു പുറമെ കഅ്ബത്തിനു സമാനം ചില ക്ഷേത്രങ്ങളും അവർക്കുണ്ടായിരുന്നു. ലാതും ഉസ്സായും മനാതുമെല്ലാം ഇത്തരം ക്ഷേത്രങ്ങളാണ്. കഅ്ബയെപ്പോലെ ഇതിനും പൂജാരികളും പാറാവുകാരുമെല്ലാം ഉണ്ടായിരുന്നു. ഇവയിലേക്കും ബലിമൃഗങ്ങളെ ഹദ്‌യ: ചെയ്യും. ഇവയെ

പ്രദക്ഷിണം ചെയ്യും. ഇവയുടെയടുക്കൽ ബലി നടത്തും. അങ്ങനെ ഖുറൈശികൾക്കും ബനൂകിനാനത്തു ഗോത്രത്തിനുമുള്ള ക്ഷേത്രമായിരുന്നു ഉസ്സാ. നഖ്‌ലത്ത്(نخلة)എന്ന സ്ഥലത്താണ് ഇതുണ്ടായിരുന്നത്. ശൈബാനികളായിരുന്നു ഇതിന്റെ പൂജാരികൾ. ഥഖീഫ് ഗോത്രത്തിന്റെ ക്ഷേത്രവും ദേവിയുമായിരുന്നു ലാത്(اللات). ത്വാഇഫിലായിരുന്നു ഇത്. ബനൂമുഅത്തബ് വംശമായിരുന്നു ഇതിന്റെ നടത്തിപ്പുകാർ. ഔസ്-ഖസ്‌റജ് വംശത്തിന്റെ ക്ഷേത്രമാണ് മനാത്ത്. ഇത് ഖുദൈദ് എന്ന കടലോരപ്രദേശത്തായിരുന്നു. ദുൽഖലസ, ദൗസ്, ഖഥ്അം, ബുജൈല എന്നീ ഗോത്രക്കാരുടെ കുലദൈവമായിരുന്ന ഇത് തബാല:യിലായിരുന്നു സ്ഥിതിചെയ്തിരുന്നത്. അൽകഅ്ബത്തുൽ യമാനിയ്യ: എന്നാണിതിനെ വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ത്വയ്യിഅ് ഗോത്രക്കാരുടെ ക്ഷേത്രമാണ് ഫൽസ്. യമനുകാർക്കും ഹിംയർ ഗോത്രക്കാർക്കും 'റിആം' എന്നപേരിൽ ഒരു ക്ഷേത്രമുണ്ടായിരുന്നു. ബനൂറബീഅ:യുടെ ക്ഷേത്രം റുളാഅ്.

ഇങ്ങനെ നിരവധി ക്ഷേത്രങ്ങളും ദൈവങ്ങളും നിരക്ഷരരായ ഈ മൂഢസമൂഹത്തിനുണ്ടായിരുന്നു. ഇതൊന്നും മരിച്ചുപോയ മഹാത്മാക്കളെയോ അവരുടെ ഖബ്‌റുകളെയോ പ്രതിനിധാനം ചെയ്യുന്നതായിരുന്നില്ല. അതേവിശ്വാസത്തിൽ നിന്നും പിറവി കൊണ്ടതുമല്ല. ശൈത്വാൻ തന്നെയാണ് ആ സമൂഹത്തിനു വിഗ്രദൈവങ്ങളും ബിംബപൂജയും നിർദ്ദേശിച്ചുകൊടുത്തത്. തിരശ്ശീലക്കു പിന്നിൽ ഇവയുടെ പൂജകർക്ക് ചില്ലറഫലങ്ങളും നേട്ടങ്ങളും നല്കിയിരുന്നതും ദിവ്യാത്ഭുതമെന്ന് ഈ മൂഢന്മാർ വിശ്വസിക്കത്തക്ക കുതന്ത്രങ്ങൾ കാണിച്ചിരുന്നതും പിശാചുതന്നെ! അതായത്, അത്ഭുത സിദ്ധികൾ കാണിച്ചുകൊണ്ട് ഈ വിവരദോഷികളെ വിഗ്രദൈവങ്ങളിലും പൂജയിലും കുരുക്കിയിട്ടിരുന്നത് പിശാചായിരുന്നു. കേവലം കൽപ്രതിമകളും മരങ്ങളുമായിരുന്നു ഇവരുടെ പൂജാദൈവങ്ങളെങ്കിലും അതിനകത്തുള്ള പിശാചാണ് യഥാർത്ഥത്തിൽ പൂജ്യദൈവം. ഇന്നും വിഗ്രഹപൂജയുടെ നില ഇതുതന്നെ. മക്ക ഇസ്‌ലാമിനധീനപ്പെട്ടതിനു ശേഷം അവിടത്തെ നഖ്‌ലയിലെ ഉസ്സാ ക്ഷേത്രത്തെ തുടച്ചുനീക്കുന്നതിനായി നബി(സ) തങ്ങൾ ഖാലിദുബ്നുൽവലീദി(റ)നെ അയച്ചു. അദ്ദേഹം ചെന്നുനോക്കുമ്പോൾ മൂന്നു ലന്തമരത്തിനു മുകളിൽ നിർമ്മിക്കപ്പെട്ട ഒരു വീടാണു കണ്ടത്. ഈ മരങ്ങൾ മുറിച്ച് ക്ഷേത്രം പൊളിച്ച് അദ്ദേഹം തിരിച്ചുവന്നു. നബി(സ)തങ്ങൾ ചോദിച്ചു: നീ വല്ലതും കണ്ടുവോ? അദ്ദേഹം പറഞ്ഞു: ഇല്ല. എന്നാൽ, നീ ഞാൻ പറഞ്ഞതു ചെയ്തിട്ടില്ല. വീണ്ടും ചെന്നു തകർക്കുകയെന്നു നബി നിർദ്ദേശിച്ചു. തിരിച്ചു ചെന്നപ്പോളുണ്ട് മുടികൾ വിരുത്തി പൂർണ്ണനഗ്നയായ ഒരു കറുമ്പിപ്പെണ്ണ് ആ വീടിനകത്തു നിന്നു പ്രത്യക്ഷപ്പെട്ടിരിക്കുന്നു! തലയിലും മുഖത്തും മണ്ണുവാരിയിട്ട് അലമുറയിടുകയാണവൾ. ഖാലിദ്(റ) അവളെ തന്റെ വാളുകൊണ്ട് പൂർണ്ണമായി വെട്ടിനുറുക്കി. നബി(സ) യോടു വിവരം പറഞ്ഞപ്പോൾ അവിടുന്നു പറഞ്ഞു: تلك العزي -അതാണ് ഉസ്സാ ദേവി! ബൈഹഖിയും ത്വബ്‌റാനിയും നിവേദനം ചെയ്ത ഈ സംഭവം മക്കഫത്ഹിന്റെ ചരിത്രത്തിൽ പ്രസിദ്ധ ചരിത്രഗ്രന്ഥങ്ങളെല്ലാം വിവരിച്ചിട്ടുണ്ട്.(താരീഖുത്വബ്‌രി-3/176, അൽബിദായത്തു വന്നിഹായ: 3/515). ത്വാഇഫിലെ അൽലാത് ക്ഷേത്രം അബൂസുഫ്‌യാനും(റ) മുഗീറത്തുബ്നു ശുഅ്ബ(റ)യുമാണു തകർത്തത്. മനാതും അബൂസുഫ്‌യാൻ തന്നെ. ദുൽഖലസ ജരീറുബ്നു അബ്ദുല്ലാഹിൽ ബജ്‌ലിയാണ് നശിപ്പിച്ചത്. പല ക്ഷേത്രങ്ങളിൽ നിന്നും കറുത്ത പട്ടി, കറുമ്പിപ്പെണ്ണ്, പോലുള്ളവ പ്രത്യക്ഷപ്പെടുകയും അവയെ കൊല്ലുകയും ചെയ്ത സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇതാണു യഥാർത്ഥത്തിൽ വിഗ്രഹപൂജയുടെ പിന്നിലുള്ള കള്ളി. പൈശാചികമാണ് അതിന്റെ പ്രേരകവും പ്രചോദനവുമെല്ലാം. അത്ഭുതകഥകൾക്കു പിന്നിലുള്ളതും പിശാചിന്റെ വേലകളും സിദ്ധികളും തന്നെ.

## ചരിത്ര പിൻബലമില്ല

ബഹുദൈവവിശ്വാസത്തിന്റെയും വിഗ്രഹപൂജയുടെയും ചരിത്രമാണു നാം വിവരിച്ചത്. ഹസ്രത്ത് നൂഹ്നബി(അ)യുടെ ജനതയിലാണ് ഇതിന്റെ ആരംഭം. എല്ലാവരും സമ്മതിക്കുന്ന അനിഷേധ്യവസ്തുതയാണിത്. അറബുസമൂഹത്തിലും ഇതു വ്യാപകമായി. ഖുർആനിന്റെ അവതരണകാലത്ത് ശിർക്കി

ന്റെയും ബിംബപൂജയുടെയും ഉച്ചിയിലായിരുന്നു ആ സമൂഹം. വിഗ്രഹദൈവങ്ങളുമായി ബന്ധപ്പെട്ട് പല മൂഢസങ്കല്പങ്ങളും അന്ധവിശ്വാസങ്ങളും അവരിൽ വ്യാപകമായിരുന്നു. ഓരോ കുലങ്ങൾക്കും ഓരോ ദൈവങ്ങളും അവയുമായി ബന്ധപ്പെട്ട് നിരവധി അനാചാരങ്ങളും അവരിൽ നടമാടിയിരുന്നു.

അവരുടെ പൂജാദൈവങ്ങളായ വിഗ്രഹങ്ങളുരുവപ്പെട്ടതെങ്ങനെയെന്നു നാം വിവരിച്ചു. സദ്‌വൃത്തരുടെ സ്മരണയ്ക്കായി അവരുടെ പ്രതിമകൾ പിശാചു നിർമ്മിച്ചു നല്കിയതിലൂടെയാണ് ഇതിന്റെയാരംഭം. ഈ പ്രതിമകൾ കഥയറിയാത്ത പിൻമതലമുറയിൽ പൂജ്യദൈവങ്ങളായി മാറി. കല്ലുദൈവങ്ങൾ. പിന്നീട് ഇച്ഛാനുസരണം കല്ലുകൊണ്ടും മരംകൊണ്ടും അവർ ദൈവങ്ങളെ സൃഷ്ടിക്കാൻ തുടങ്ങി. അവയ്ക്ക് ഇഷ്ടാനുസരണം പല പേരുകളും നല്കി. ഇതൊന്നും യാതൊരു തെളിവിന്റെയും അടിസ്ഥാനത്തിലായിരുന്നില്ല. മൂഢസങ്കല്പങ്ങളും ധാരണകളും വച്ചു മാത്രം. അല്ലാഹു ഇക്കാര്യം പലവുരു എടുത്തുപറഞ്ഞാക്ഷേപിക്കുന്നുണ്ട്.

إِنْ هِيَ إِلَّا أَسْمَاءٌ سَمَّيْتُمُوهَا أَنتُمْ وَءَابَاؤُكُم مَّا أَنزَلَ اللَّهُ بِهَا مِن سُلْطَانٍ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ وَمَا تَهْوَى الْأَنفُسُ ۖ وَلَقَدْ جَاءَهُم مِّن رَّبِّهِمُ الْهُدَىٰ (النجم - ٢٣)

أَتُجَادِلُونَنِي فِي أَسْمَاءٍ سَمَّيْتُمُوهَا أَنتُمْ وَآبَاؤُكُمْ............(الاعراف - ٧١)

مَا تَعْبُدُونَ مِن دُونِهِ إِلَّا أَسْمَاءً سَمَّيْتُمُوهَا أَنتُمْ وَآبَاؤُكُمْ............(يوسف - ٤٠)

(ലാത്, ഉസ്സ, മനാത്ത്, തുടങ്ങിയുള്ള നാമങ്ങളെല്ലാം നിങ്ങളും നിങ്ങളുടെ പിതാക്കളും സ്വയം വിളിച്ചുവരുന്നതാണ്. ഇതൊന്നും അല്ലാഹു ഇറക്കിത്തന്ന തെളിവിന്റെയടിസ്ഥാനത്തിലല്ല. പൂർവ്വപിതാക്കൾ സ്വന്തം ഊഹങ്ങളോടും മനസ്സിന്റെ താല്പര്യങ്ങളോടും മാത്രം പിന്തുടർന്നുകൊണ്ട് നല്കിയതാണിത്. അല്ലാഹുവിനുപുറമെ നിങ്ങൾ പൂജിക്കുന്ന ദൈവങ്ങളത്രയും നിങ്ങളും പൂർവ്വപിതാക്കളും പേരിട്ടുവിളിച്ചിട്ടുള്ള വ്യാജദൈവങ്ങളാണ്. അതൊന്നും പറഞ്ഞ് എന്നോടു തർക്കിക്കേണ്ട. എന്നിങ്ങനെയാണ് മേൽആയത്തുകളുടെ സാരം.)

വ്യാജദൈങ്ങളുടെ നാമങ്ങളും വ്യാജമായിരുന്നുവെന്നാണ് ഈ ആയത്തുകളിൽ അല്ലാഹു ആക്ഷേപിക്കുന്നത്. ഇച്ഛാനുസരണം കൊത്തിയുണ്ടാക്കുന്ന കല്ലിന്റെയും മണ്ണിന്റെയും മരത്തിന്റെയും രൂപങ്ങൾക്ക് പൈശാചിക ദുർബോധനത്തിലൂടെ തങ്ങൾക്കു തോന്നുന്ന നാമങ്ങളിട്ടു പൂജിക്കുകയായിരുന്നു അവർ. തലമുറകൾ തലമുറകളായി ഈ നാമങ്ങളും പൂജയും അന്ധമായി അനുകരിക്കുന്നു. ഇന്നും വിഗ്രഹാരാധന നിലവിലുള്ള സമുഹങ്ങളുടെയെല്ലാം അവസ്ഥ ഇതുതന്നെ. ഇഷ്ടമുള്ള പേരുകളിൽ ഇഷ്ടദൈവങ്ങളാണല്ലോ ഇവരിൽ നിലനില്ക്കുന്നത്. ക്ഷേത്രങ്ങളും പ്രതിഷ്ഠകളുമെല്ലാം നിർമ്മിക്കപ്പെടുന്നവ തന്നെ. ഓർമ്മയ്ക്കായി സ്ഥാപിക്കപ്പെടുന്ന പ്രതിമകളെ പൂജിക്കപ്പെടുന്നതും വർത്തമാന സമൂഹത്തിൽ ധാരാളം കാണാം. വിഗ്രഹദൈവങ്ങളും പൂജാക്ഷേത്രങ്ങളും കൊണ്ട് നിറഞ്ഞുനില്ക്കുന്ന ഇന്ത്യാരാജ്യത്തുള്ളവർക്ക് ഇതൊന്നും പ്രത്യേകം ഓതിക്കൊടുക്കേണ്ടതില്ല. കൺമുന്നിലുള്ളത് കണ്ടുപഠിക്കാൻ കൂട്ടാക്കാതെ യജമാന്മാരോതിക്കൊടുക്കുന്ന മക്കമുശ്‌രിക്കുകളുടെ വ്യാജചരിത്രങ്ങൾ ചൊല്ലിപ്പഠിച്ച് സത്യവിശ്വാസികളിൽ ശിർക്കാരോപിക്കാൻ നടക്കുന്ന വഹ്ഹാബികൾ സൃഷ്ടിക്കുന്ന പുകമറകൾ നീക്കുന്നതിനാണ് ഇങ്ങനെ വിശദീകരിക്കുന്നത്.

ഉദ്ധൃത സമുഹങ്ങളുടെ ശിർക്കുകളിലൊന്നും മരണപ്പെട്ട മഹാത്മാക്കളോ അവരുടെ ഖബ്റുകളോ പ്രതികളാകുന്നതായി നാം കാണുന്നില്ല. സദ്‌വൃത്തരോടും സജ്ജനങ്ങളോടും തോന്നുന്ന അമിതമായ ആദരവുകളാണ് ബഹുദൈവവിശ്വാസവും വിഗ്രഹപൂജയുമായി മാറുന്നതെന്ന ആരോപണത്തിലും

**പൊതു ഖിറാഅത്തു പ്രകാരം ഓതുക, അതിനു വിരുദ്ധ ഓത്തുകാരൻ താനോതുന്ന വാക്യത്തിന് അർത്ഥകല്പന നടത്തിയത് തങ്ങളേതുന്ന വാക്യത്തിന്മേൽ കൂട്ടിക്കെട്ടുക എന്നത് വിവരക്കേടല്ലെങ്കിൽ തനി വഞ്ചനയാണ്. ഖുർആനിന്റെ പദം മാറ്റിമറിക്കലെന്ന അന്യായത്തിൽ പെടുമിത്. അതു മഹാ പാതകമാണല്ലോ.**

കഴമ്പില്ല. ഈ ചരിത്രങ്ങളിലൊന്നും അങ്ങനെ നമുക്കു വായിക്കാനുമാകുന്നില്ല. പിന്നെ വഹ്ഹാബികൾക്ക് എങ്ങനെ കിട്ടി ഈചരിത്രം? മഹാത്മാക്കളെ സന്ദർശിക്കുകയും ആവലാതികളർപ്പിച്ച് ദുആയിരപ്പിക്കുകയും മരണാനന്തരം അവരുടെ ഖബ്റിങ്കൽ ചെന്ന് സന്ദർശിക്കുകയും ദുആയിരക്കുകയും ചെയ്യുന്ന വിശ്വാസിസമൂഹത്തിനുമേൽ ശിർക്കാരോപിക്കുന്നതിനായി വഹ്ഹാബികൾ മിനഞ്ഞുണ്ടാക്കുന്ന വ്യാജമാണിത്. ഇക്കാര്യത്തിൽ അവരുടെ യജമാനന്മാർ ഉദ്ധരിക്കുന്ന ഒരേയൊരു പിടിവള്ളി മക്കമുശ്രിക്കുകളിൽ ഒരുവിഭാഗത്തിന്റെ പൂജാദൈവമായ ലാത്ത ദേവിയെക്കുറിച്ചുവന്ന ഒരു പരാമർശമാണ്. ഇബ്നു അബ്ബാസി(റ)നെത്തൊട്ടുദ്ധരിക്കപ്പെടുന്ന ആ പരാമർശം ഇങ്ങനെ: كان يلت السويق للحاج ( ഹാജിമാർക്ക് റവ കുഴച്ചുകൊടുത്തിരുന്ന ഒരാളാണു ലാത്ത.) ഈ പരാമർശത്തിലെ ഹാജിമാരെന്നു കേൾക്കുമ്പോൾ ഇന്നത്തെ വിശ്വാസി സമൂഹത്തിലെ ഹാജിമരെന്നാണ് പാവം വഹ്ഹാബികൾ ധരിച്ചിരിക്കുന്നത്. ഇബ്നുഅബ്ദിൽ വഹ്ഹാബ് മുതൽക്കുള്ള ഏമാന്മാർ ഓതിക്കൊടുത്തതും ഇതുതന്നെ. യഥാർത്ഥത്തിൽ ശിർക്കിന്റെ മന്ത്രവുമായി ഹജ്ജു ചെയ്തിരുന്ന മുശ്രിക്കുകൾക്കാണ് ഇയാൾ റവ കുഴച്ചു കൊടുത്തിരുന്നത്. ഇബ്നുഅബ്ബാസി(റ)ന്റെ സഹയാത്രികൻ മുജാഹിദ്(റ) ഇതു വ്യക്തമാക്കുന്നുണ്ട്. رجل يلت للمشركين السويق ( ബഹുദൈവവിശ്വാസികൾക്ക് റവ കുഴച്ചുകൊടുത്തിരുന്ന ഒരു പുരുഷനാണിത്) എന്നത്രെ അദ്ദേഹത്തിന്റെ പരാമർശം. കേവലം തിന്നാൻ കൊടുക്കുന്ന ഉദാരൻ മാത്രമല്ല ഇയാൾ. അവരുടെ ബഹുദൈവങ്ങളുടെ കാര്യങ്ങൾ നോക്കിനടത്തിയിരുന്ന പൂജാരിയുമായിരുന്നു. അബൂസ്വാലിഹ് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. اللات: الذي كان يقوم على آلهتهم يلت لهم السويق، وكان بالطائف (ബഹുദൈവവിശ്വാസികളുടെ ദൈവങ്ങളുടെ കാര്യങ്ങൾ നോക്കിനടത്തിയിരുന്ന പൂജാരിയും അവർക്ക് റവ കൊടുത്തിരുന്നയാളുമാണ് അല്ലാത്ത്. ഇയാൾ ത്വാഇഫിലായിരുന്നു.) എന്നാണ് അബൂസ്വാലിഹിന്റെ വിവരണം. അപ്പോൾ ബഹുദൈവവിശ്വാസിയും, വ്യാജദൈവങ്ങളുടെ പൂജാരിയും, ശിർക്കീമന്ത്രങ്ങളുരുവിട്ടും ഉടുമുണ്ടഴിച്ചു ത്വവാഫു ചെയ്തുമുള്ള ഹാജിമാർക്ക് റവ കൊടുത്തിരുന്ന ആളും അവർക്കു പ്രിയങ്കരനും സദ്വൃത്തനുമായിരുന്നിരിക്കാം. മരിച്ചപ്പോൾ അയാളുടെ ഖബ്റിങ്കൽ മുശ്രിക്കുകൾ ഭജനമിരുന്നിരിക്കാം. അയാളുടെ പേരിൽ പണിതതായിരിക്കാം ത്വാഇഫിലെ ലാത്ത് എന്ന ക്ഷേത്രം. ഖുർആനിറങ്ങുന്ന കാലത്തു പക്ഷേ, ലാത്ത് എന്നത് മുശ്രിക്കുകൾ പൂജിക്കുന്ന ഒരു ക്ഷേത്രത്തിന്റെ പേരാണ്. ഖബ്റിന്റെ പേരല്ല.

ഇബ്നുഅബ്ബാസി(റ)ൽ നിന്നുവന്ന ലാത്തയെക്കുറിച്ച ഈ പരാമർശം ഖാരിഉകളുടെ ഇജ്മാഇനു വിരുദ്ധമായ അദ്ദേഹത്തിന്റെ ഖിറാഅത്തു പ്രകാരമേ യോജിക്കുകയുള്ളൂവെന്ന കാര്യംപോലും അറിയാതെയാണ്, ഈ പാവത്താന്മാർ -ഏമാന്മാരായ ശൈഖുമാരടക്കം-ഉദ്ധരിക്കുന്നത്. أفرأيتم اللات എന്ന് താഇനു ശദ്ദില്ലാതെയാണ് എല്ലാ ഖാരിഉകളുടെയും ഖിറാഅത്ത്. اللّٰه എന്ന പദത്തിന്റെ സ്ത്രീലിംഗമായി അവർ ദൈവത്തിനു പേരിട്ടതാണു اللات എന്നത്. പ്രസ്തുത ആയത്തിൽ ഉദ്ധരിക്കപ്പെട്ട മൂന്ന് ദൈവങ്ങളും ദേവിമാരാണ്. അല്ലാഹു എന്ന ദൈവത്തിന്റെ പുത്രിമാരെന്നാണ് ഈ ദേവിമാരെപ്പറ്റി അവരുടെ സങ്കല്പം. അങ്ങനെയാണ് അവർ സ്ത്രീ നാമങ്ങൾ നല്കിയിരിക്കുന്നത്. അല്ലാമഃ ത്വബ്രി ഇതു വിശദീകരിച്ചിട്ടുണ്ട്.

وهي من الله الحقت فيه التاء فأنّثت كما قيل عمرو للذكر، وللأنثى عمرة وكماقيل للذكرعباس ثم قيل للأنثى عباسة فكذالك سمّي المشركون اوثانهم بأسماء الله تعالى ذكره وتقدست أسماءه فقالوا من الله اللاّت، ومن العزيز العزّى، وزعموا انّهن بنات الله – تفسير الطبري

( عمرو എന്ന പുരുഷ നാമത്തെ عمرة എന്നും عباس എന്ന പുരുഷനാമത്തെ عباسة എന്നും താഅ് ചേർത്ത് സ്ത്രീനാമമാക്കിയതു പോലെ الله എന്ന പുല്ലിംഗത്തിൽ താഅ് ചേർത്ത് സ്ത്രീനാമമാക്കിയതാണ് اللات എന്നത്. ബഹുദൈവവിശ്വാസികൾ അല്ലാഹുവിന് പേരുവച്ചതിങ്ങനെയാണ്. അല്ലാഹ് എന്നതിൽ നിന്ന് അല്ലാത്ത് എന്ന ദേവീനാമവും عزيز എന്നതിൽ നിന്ന് عزة എന്ന ദേവീനാമവും അവർ വിളിച്ചു. ഈ ദേവിമാർ അല്ലാഹുവിന്റെ പുത്രിമാരെന്നാണ് ഇവർ ജല്പിച്ചത്.) ലാത്തും ഉസ്സയും മനാത്തും ദേവിമാരാണെന്ന് അല്ലാഹുവും വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ആയത്തുകൾ ഇങ്ങനെയാണല്ലോ.

افرأيتم اللات والعزّي، ومناة الثّالثة الأخري،
الكم الذّكر وله الأنثى، تلك اذا قسمة ضيزى

(ലാത്, ഉസ്സാ, മനാത്ത് എന്നീ മൂന്ന് ദേവിമാരെക്കുറിച്ച് നിങ്ങളൊന്ന് പറയൂ. നിങ്ങൾക്കു നിങ്ങൾ സ്ത്രീകളെ വെറുക്കുകയും പുത്രന്മാരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. നിങ്ങൾ വെറുക്കുന്ന സ്ത്രീകളെയും പുത്രിമാരെയും അല്ലാഹുവിന് നല്കുന്നു. ഇത് അനീതിനിറഞ്ഞ വല്ലാത്തൊരു വീതംവയ്പാണല്ലോ! എന്നത്രെ ആയത്തുകളുടെ സാരം.)

ഇതിന്നു വിരുദ്ധമായാണ് ഇബ്നുഅബ്ബാസ്(റ) ഈ വാക്യത്തെ ഓതുന്നത്. افرايتم اللات എന്ന് അവസാന താഇന് ശദ്ദ് ചെയ്തുകൊണ്ടാണ് അദ്ദേഹത്തിന്റെ ഖിറാഅത്ത്. لت എന്ന ക്രിയയിൽ നിന്നുള്ള കർതൃനാമമായി اللات എന്നാണത്വിട്ടെയുള്ളതെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഇതനുസരിച്ചാണ് رجل يلت السويق എന്നദ്ദേഹം പറയുന്നത്. ഇതുപക്ഷേ, മുഴുവൻ ഖാരിഉകളുടെയും ഏകോപനത്തിനു വിരുദ്ധമായൊരപവാദമാണ്. اللات എന്ന്- താഇനെ ലഘുവാക്കിക്കൊണ്ടുള്ള പൊതു ഖിറാഅത്തിന് ഈ വിശദീകരണം യോജിക്കുകയില്ല. ഈ വസ്തുതകളെല്ലാം ഇമാം ത്വബ്‌രി തന്റെ തഫ്സീറിൽ വ്യക്തമാക്കിയിട്ടുണ്ട്.(11/519, 520). പൊതു ഖിറാഅത്തു പ്രകാരം ഓതുക, അതിനു വിരുദ്ധ ഓത്തുകാരൻ താനോതുന്ന വാക്യത്തിന് അർത്ഥകല്പന നടത്തിയത് തങ്ങളോതുന്ന വാക്യത്തിന്മേൽ കൂട്ടിക്കെട്ടുക എന്നത് വിവരക്കേടല്ലെങ്കിൽ തനി വഞ്ചനയാണ്. ഖുർആനിന്റെ പദം മാറ്റിമറിക്കലെന്ന അന്യായത്തിൽ പെടുമിത്. അതു മഹാ പാതകമാണല്ലോ.

ആകയാൽ മഹത്തുക്കളോടുള്ള ആദരവാണ് ആരാധനയായി പരിണമിക്കുന്നതെന്നും അവരുടെ ഖബ്റുകൾ സിയാറത്തു ചെയ്യലാണ് ബിംബാരാധനയും വിഗ്രഹപൂജയുമായി പരിവർത്തനപ്പെട്ടതെന്നുമുള്ള വഹ്ഹാബിസത്തിന്റെ ജല്പനം അടിസ്ഥാനരഹിതവും ചരിത്രവിരുദ്ധവുമാണ്. ഖുർആനിന്റെ അവതരണകാലത്തെ മക്കമുശ്‌രിക്കുകളിലോ നൂഹ്നബി(അ) തൊട്ടന്നോളമുള്ള ശുദ്ധമുശ്‌രിക്കുകളിലോ ഈ നടപടിയുണ്ടായിരുന്നില്ല. മക്കമുശ്‌രിക്കുകളിൽ ബഹുദൈവവിശ്വാസവും വിഗ്രപൂജയും കടന്നുവന്നത് ഇബ്‌ലീസിന്റെ ദുർബോധനത്തിന്റെയും പ്രതിമയുണ്ടാക്കിക്കൊടുക്കലിന്റെയും ഫലമായാണെന്നും ഉപര്യുക്തവിവരണത്തിൽ നിന്ന് നാം ഗ്രഹിച്ചു. ഇനി തങ്ങളുടെ ദൈവങ്ങളെ സംബന്ധിച്ച് അവരുടെ സങ്കല്പവും നിലപാടുകളും എന്തായിരുന്നുവെന്നു വിവരിക്കാം.

★